പ്ലസ് വൺ സ്കൂകളും ബാച്ചുകളും അനുവദിക്കുന്നത് സംബന്ധിച്ച്

44 (1098) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലസ് വൺ സ്കൂകളും ബാച്ചുകളും അനുവദിക്കുന്നതു സംബന്ധിച്ച് 2013 ജൂണിൽ സർക്കാർ പുറപ്പെടുവിച്ചിരുന്ന വിജ്ഞാപനത്തിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത വിജ്ഞാപനത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ഏതെങ്കിലും ജില്ലകളിൽ പ്ലസ് വൺ ബാച്ചുകളോ സ്കൂകളോ അനുവദിക്കുകയുണ്ടായോ ; എങ്കിൽ എത്ര സ്കൂകൾ ; എത്ര ബാച്ചുകൾ ; വിശദമാക്കാമോ ;

(സി) ഇപ്രകാരം അനുവദിച്ച ബാച്ചുകളും സ്കൂകളും എയ്ഡഡ് ആണോ; സർക്കാരിന്റേതാണോ ; എയ്ഡഡ് സ്കൂകൾ ഉണ്ടെങ്കിൽ അവ എത്ര ; അവയിൽ കോർപ്പറേറ്റ് മാനേജ്മെന്റുകൾ എത്ര ; വ്യക്തിഗത മാനേജ്മെന്റുകൾ എത്ര ; വിശദമാക്കാമോ ;

(ഡി) ബാച്ചുകൾ അനുവദിക്കുന്നത് സംബന്ധിച്ച വിജ്ഞാപനത്തിലെ മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു ; പുതുതായി ബാച്ചുകൾ ലഭിച്ച സ്കൂകൾക്കെല്ലാം മാനദണ്ഡ മനുസരിച്ചുള്ള യോഗ്യതകൾ ഉണ്ടോ ; വിശദ വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധം(1) ആയി ചേർക്കുന്നു.*

(ബി&സി) പ്രസ്തുത വിജ്ഞാപനത്തിലെ വ്യവസ്ഥകൾക്ക് വിധേയമായും ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലും സംസ്ഥാനത്ത് ഹയർ സെക്കണ്ടറി സ്കൂകളും ബാച്ചുകളും അനുവദിച്ച് 24-11-2014-ലെ സ.ഉ.(കൈ)നമ്പർ 247/14/പൊ.വി. പ്രകാരം ഉത്തരവായിട്ടുണ്ട്. സ്കൂകളും ബാച്ചുകളും സംബന്ധിച്ച വിവരം പ്രസ്തുത സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവ് അനുബന്ധം (II) ആയി ചേർക്കുന്നു.* അവയിൽ കോർപ്പറേറ്റ് മാനേജ്മെന്റുകൾ എത്ര, വ്യക്തിഗത മാനേജ്മെന്റുകൾ എത്ര എന്ന വിവരം ശേഖരിച്ചുവരുന്നു.

(ഡി) മാനദണ്ഡങ്ങൾ അനുബന്ധം1-ൽ പറഞ്ഞിട്ടുള്ള വിജ്ഞാപനത്തിലുണ്ട്. അനുവദിച്ച സ്കൂകൾക്ക് ടി മാനദണ്ഡമനുസരിച്ചുള്ള യോഗ്യതയുണ്ടോയെന്ന വിവരം ശേഖരിച്ചുവരുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly